മെന്നും അതിന്റെ തീരുമാനം വരുന്നതുവരെ ബീച്ചുകളുടെ വശങ്ങളിൽ നിരോധിത മേഖല 200 മീറ്ററിൽ നിന്നും 50 മീറ്ററായും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസനനിരോധിതമേഖല 100 മീറ്ററിൽ നിന്നും 25 മീറ്ററായി കുറയ്ക്കണമെന്നും കേന്ദ്രവനം-പരിസ്ഥിതി വകുപ്പുമന്ത്രിയോട് 2000 ഫെബ്രുവരി 7ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

249(2393) മർദ്ദനകേസിൽ നഷ്ടപരിഹാരം നൽകാൻ നടപടി

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജേഷ് എന്ന പട്ടികജാതിയിൽപ്പെട്ട ബാലനെ മോഷണക്കേസ് ആരോപിച്ച് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്യുകയും പിന്നീട് കോവളം, തിരുവല്ലം എന്നീ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് കൊണ്ടുപോയി മർദ്ദിക്കുകയു ചെയ്ത കേസിൽ മൂന്നു ലക്ഷം രൂപ നഷ്ട പരിഹാരം നൽകാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് തുക നൽകിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ കേസുമായി ബന്ധപ്പെട്ട പോലീസുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇതനുസരിച്ച് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) രാജേഷ് എന്ന ബാലന് മൂന്നുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റിനോട് ദേശീയ മനുഷ്യാവകാശകമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

250(2412) രാഷ്ട്രീയ സംഘട്ടനങ്ങളിൽ അംഗഭംഗം സംഭവിച്ചവർ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം അക്രമങ്ങളിലും മറ്റും എത്രപേരുടെ കൈകാലുകൾ വെട്ടിക്കളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്;

(ബി) ഇവരിൽ സി.പി.ഐ(എം), ബി.ജെ.പി, സി.പി.ഐ, കോൺഗ്രസ്സ്, ജെ.എസ്.എസ്, സി.എം.പി, എന്നീ കക്ഷികളിലും മറ്റ് കക്ഷികളിലും പെട്ടവർ എത്രപേർ വീതമുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേസുകളിൽ പ്രതിസ്ഥാനമുള്ളവരിൽ ഓരോ രാഷ്ട്രീയ കക്ഷികളിലുംപെട്ട എത്രപേർ വീതമുണ്ട്;

(ഡി) ഇതു സംബന്ധിച്ച കേസുകളിൽ എത്രപേരെ അറസ്റ്റു ചെയ്തു;

(ഇ) ഇനി എത്രപേരെ കൂടി അറസ്റ്റ് ചെയ്യാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19 പേരുടെ കൈയോ, കാലോ വെട്ടികളഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്.

(ബി) ഇവരിൽ രണ്ടുപേർ സി.പി.ഐ(എം) പ്രവർത്തകരും ബി.ജെ.പിയിലും കോൺഗ്രസ്സിലും ഓരോ ആളുകളും ബാക്കിയുള്ളവർ ഒരു കക്ഷിയിലും പെടാത്തവരുമാണ്.

(സി) ഈ കേസുകളിൽ പ്രതിസ്ഥാനത്തുള്ളവരിൽ പതിനാറ്പേർ ബി.ജെ.പി/ആർ.എസ്.എസ്സ് പ്രവർത്തകരും 15 പേർ കോൺഗ്രസ്സുകാരും 11 പേർ സി.പി.ഐ(എം) പ്രവർത്തകരുമാണ്.

(ഡി)&(ഇ) 83 പ്രതികളെ അറസ്റ്റു ചെയ്തു. ഇനി 23 പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്.

251(2415) താന്നിമൂട്ടിൽ നടന്ന സംഘട്ടനം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ താന്നിമൂട് എന്ന സ്ഥലത്ത് താൽക്കാലികമായികെട്ടുന്ന അയ്യപ്പതാവളത്തിൽ വച്ച് കഴിഞ്ഞ ഡിസംബർ മാസത്തിൽ ഇരുവിഭാഗക്കാർ തമ്മിൽ നടന്ന സംഘട്ടനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് രാഷ്ട്രീയ വിഭാഗത്തിൽപ്പെട്ടവർ തമ്മിലായിരുന്നു സംഘട്ടനം;

(സി) സംഘട്ടനത്തിനാസ്പദമായ സംഭവം വിശദീകരിക്കുമോ;

(ഡി) ഈ സംഭവം പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടും വളരെ വൈകി മാത്രമാണ് പോലീസ് സംഭവസ്ഥലത്ത് എത്തിച്ചേർന്നുള്ളുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സംഘട്ടനവുമായി ബന്ധപ്പെട്ട് പോലീസ് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരെ പ്രതിയാക്കി കേസ് എടുത്തിട്ടുണ്ട്; ഏതെല്ലാം സെക്ഷൻ പ്രകാരം; ഇതിൽ എത്ര പേരെ ഇതുവരെ അറസ്റ്റു ചെയ്തു; ഇനി എത്രപേരെ അറസ്റ്റുചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) സംഘട്ടനം നിയന്ത്രിക്കുന്നതിനായി കൃത്യസമയത്ത് പോലീസിനെ അയച്ചില്ല എന്നു കാണിച്ച് 29.12.99 ൽ സർക്കാരിന് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly